27-10-2026

Presentation of Reports

റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി X -ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അധ്യക്ഷനായ ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണിനുവേണ്ടി ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

Presentation of Reports

2. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീമതി ഉമ തോമസ്: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

Presentation of Reports

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.